പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2225 **27-10-2026-ൽ മറുപടിയ്ക്ക്**

മൈ പോലീസ് സ്റ്റേഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പഴകുളം മധു

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന മൈ പൊലീസ് സ്റ്റേഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദവും സുതാര്യവും, കാര്യ ക്ഷമവുമാക്കുക എന്നതാണ് മൈ പോലീസ് സ്റ്റേഷൻ (MyPs) പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജനങ്ങൾക്ക് യാതൊരു ഭയവുമില്ലാതെ കടന്നു ചെല്ലാൻ കഴിയുന്ന തരത്തിൽ സ്റ്റേഷനുകളുടെ അന്തരീക്ഷം മാറ്റുക, പരാതികളുമായി എത്തുന്നവരോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുക, ഒരു പരാതിയും നിരസിക്കാതിരിക്കുക (Zero Petiton Refusal Policy), സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ വഴി എല്ലാ സേവനങ്ങളും ഒരിടത്ത് ലഭ്യമാക്കുക എന്നിവ യാണ് ഇതിലെ പ്രധാന ലക്ഷ്യങ്ങൾ. ഇതിനു പുറമെ, കസ്റ്റഡി മർദ്ദനങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുക, സ്റ്റേഷനുകൾ വൃത്തിയുംപച്ചപ്പുമുള്ളതായി സൂക്ഷിക്കുക, ജനമൈത്രി അടക്കമുള്ള സാമൂഹിക പോലീസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ആധുനിക സാങ്കേതിക വിദ്യ യുടെ ഉപയോഗം വർദ്ധിപ്പിക്കുക, കൂടാതെ സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ഭിന്ന ശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നല്കി അവരുടെ സുരക്ഷ ഉറപ്പാക്കുക എന്നിവയും ഈ പദ്ധതിയുടെ സുപ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ പൊലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനായി 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിയിലൂടെ വിപുലമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പരാതികളുമായി എത്തുന്ന വരെ അനുഭാവപൂർവ്വം സ്വീകരിക്കുകയും ഒരു പരാതിയും നിരസിക്കാതിരിക്കുകയും ചെയ്യുന്ന സീറോ പെറ്റീഷൻ റെഫ്യൂസൽ പോളിസി (Zero Petiton Refusal Policy) എല്ലാ സ്റ്റേഷനുകളിലും കർശനമായി നടപ്പാക്കും. കൂടാതെ, എല്ലാ സേവനങ്ങൾക്കും ഒരു ഏകജാലക സംവിധാനമായി 'സിറ്റിസൺ ഹെൽപ്പ് ഡെസ്ക്' പ്രവർത്തിക്കും. ജനങ്ങൾക്ക് തങ്ങൾക്ക് ലഭിച്ച സേവനങ്ങളെക്കുറിച്ച് തൽക്ഷണം പ്രതികരണം അറിയിക്കാൻ കഴിയുന്ന 'ക്യൂ ആർ കോഡ്' അടിസ്ഥാനമാക്കിയുള്ള സിറ്റിസൺഫീഡ്ബാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കാൻ എല്ലാ രണ്ടാമത്തെ ശനിയാഴ്ചയും 'പോലീസ് സ്റ്റേഷൻ ക്ലീൻലിനസ്സ് ഡേ' ആയി ആചരി ക്കുകയും സ്റ്റേഷൻ പരിസരം വൃത്തിയും പച്ചപ്പു മുള്ളതാക്കി മാറ്റുകയും ചെയ്യുന്നു. ഐകോപ്സ് (iCOPS), പോൾ ആപ്പ് (POL App), തുണ പോർട്ടൽ (THUNA Portal) തുടങ്ങിയ ഡിജിറ്റൽ

പ്ലാറ്റ്ഫോമുകൾ വഴി സേവനങ്ങൾ കൂടുതൽ സുതാര്യവും എളുപ്പവുമാക്കുന്നതിനൊപ്പം, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ഭിന്ന ശേഷിക്കാർ എന്നിവർക്ക് സ്റ്റേഷനുകളിൽ പ്രത്യേക പരിഗണനയും സുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി പൊലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ എന്നിവർക്ക് മാന്യവും വിവേചനരഹിതവുമായ പരിഗണന ഉറപ്പാക്കാൻ പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന എല്ലാവർക്കും പ്രായം, ലിംഗഭേദം, മതം, ജാതി അല്ലെങ്കിൽ സാമൂഹിക പശ്ചാത്തലം എന്നിവയുടെ യാതൊരു വ്യത്യാസവുമില്ലാതെ മാന്യവും വിവേചന രഹിതവുമായ സേവനം ഉറപ്പാക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

(ഡി) പൊലീസ് കസ്റ്റഡിയിലെ മർദനം, കസ്റ്റഡി മരണം, നിയമവിരുദ്ധ കസ്റ്റഡി, മോശം പെരുമാറ്റം തുടങ്ങിയവ തടയുന്നതിന് പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

മറുപടി: 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതി പ്രകാരം കസ്റ്റഡി മർദ്ദനങ്ങൾക്കും നിയമവിരുദ്ധമായ കസ്റ്റഡി നടപടികൾക്കും എതിരെ തികച്ചും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് (Zero tolerance) സ്വീകരിക്കുന്നത്. ഓരോ അറസ്റ്റും, കസ്റ്റഡി നടപടി ക്രമങ്ങളും, നിയമവും കോടതി നിർദ്ദേശങ്ങളും കർശനമായി പാലിച്ചു കൊണ്ടാകണം നടപ്പിലാക്കേണ്ടത് എന്ന വകുപ്പുതല നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, കസ്റ്റഡിയിലുള്ള ഓരോ വ്യക്തിയുടെയും അന്തസ്സും അവകാശങ്ങളും സംരക്ഷിക്കപ്പെടണം എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്.

സെക്ഷൻ ഓഫീസർ